ഉത്തരം

(എ) മൂന്ന തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ, 1-7-2012 മുതലും, 2013-14 സാമ്പത്തിക വർഷത്തിൽ, 1-5-2013 മുതലും, 2014-15 സാമ്പത്തിക വർഷത്തിൽ 16-8-2014 മുതലുമാണ് വർദ്ധനവുകൾ നടപ്പിലാക്കിയത്.

(ബി) യൂണിറ്റൊന്നിന് ഉണ്ടായിട്ടുള്ള വർദ്ധനവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

വൈദ്യുതി ഉല്പാദനവും നിരക്കും

75 (442) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ആകെ വൈദ്യുതി ഉല്പാദനം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) മറ്റ് സംസ്ഥാനങ്ങളിലേക്ക് വൈദ്യുതി നൽകുന്നുണ്ടോ ; എങ്കിൽ നിരക്ക് എത്രയാണ് ;

(സി) വിവിധ ഉപഭോക്താക്കളിൽ നിന്നും ഒരു യൂണിറ്റ് വൈദ്യുതിക്ക് ഈടാക്കുന്ന നിരക്ക് എത്രയെന്ന് വെളിപ്പെടുത്താമോ ;

(ഡി) വില നിരക്കിൽ വ്യത്യാസം നിലനിൽക്കുന്നതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വൈദ്യുത ഉത്പാദനം, ജലസംഭരണികളിലെ വെള്ളത്തിന്റെ അളവ് കുറവായതിനാൽ നവംബർ മാസത്തിൽ പ്രതിദിനം 13.5 മുതൽ 19.5 ദശലക്ഷം യൂണിറ്റായി നിജപ്പെടുത്തിയിരിക്കുന്നു.

(ബി) സംസ്ഥാനത്തിന് പുറത്തേക്ക് ബൾക്ക് സപ്ലൈ താരിഫ് (BST) പ്രകാരം താഴെ പറയുന്നവർക്ക് വൈദ്യുതി നൽകിവരുന്നു:

സംസ്ഥാനം/കേന്ദ്ര ഭരണ പ്രദേശം	ലൈസൻസികളുടെ പേര്	നിരക്ക്
കർണ്ണാടകം	1. കർണ്ണാടക ഇലക്ട്രിസിറ്റി ബോർഡ്, മടിക്കേരി.	ഡിമാന്റ് ചാർജ്ജ് Rs. 350/KVA
	2. കർണ്ണാടക പവർ ട്രാൻസ്മിഷൻ കോർപ്പറേഷൻ ലിമിറ്റഡ്	
പുതുശ്ശേരി	പുതുശ്ശേരി ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റ്	എനർജി ചാർജ്ജ് Rs. 5.10/Unit

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഉപഭോക്താവിന്റെ ലോഡ് ഫാക്ടർ (load factor), പവർ ഫാക്ടർ (പി.എഫ്.), സപ്ലൈ നൽകപ്പെടുന്ന വോൾട്ടേജ്, വൈദ്യുതി ഉപഭോഗത്തിന്റെ അളവ്, ഭൂമിശാസ്ത്രപരമായുള്ള ഉപഭോക്താവിന്റെ സ്ഥാനം (Rural, Urban, Remote) വൈദ്യുതി നൽകപ്പെടുന്ന രീതി (Un Interrupted Power Supply, Dedicated Feeder മുഖേനയുള്ള സപ്ലൈ), വൈദ്യുതിയുടെ ഉപയോഗ ആവശ്യകത (Purpose of Usage) എന്നീ ഘടകങ്ങളെ ആശ്രയിച്ചു വൈദ്യുതി വിലയുടെ നിരക്കിൽ വിവിധ വിഭാഗം ഉപഭോക്താക്കൾ തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

മസ്ദൂർ തസ്തികയിലെ ഒഴിവുകൾ

76 (443) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ മസ്ദൂർ തസ്തികകളിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഈ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, അതു പ്രകാരം എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ കഴിയുമെന്നും വിശദമാക്കുമോ ;

(ഡി) പാലക്കാട് ജില്ലയിലെ മസ്ദൂർ റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നിലവിൽ ഒഴിവുകൾ ഒന്നും തന്നെയില്ല.

(സി) ഒഴിവില്ലാത്തതിനാൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) ഒഴിവുകൾ വരുന്ന മുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും, നിയമന ശിപാർശ അനുസരിച്ച് നിയമനം നടത്തുകയും ചെയ്യുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly